**മധുരമായ കുട്ടികളെ - ഭക്തിയുടെ രസകരമായ കാര്യങ്ങൾക്ക് പകരം എല്ലാവർക്കും നിങ്ങൾ ആത്മീയ കാര്യങ്ങൾ കേൾപ്പിക്കണം, രാവണ രാജ്യത്തിൽ നിന്ന് മുക്തമാക്കുന്നതിന്റെ സേവനം ചെയ്യണം.**

**ചോദ്യം** - സേവനത്തിൽ സഫലത പ്രാപ്തമാക്കുന്നതിന് ഏതൊരു മുഖ്യമായ ഗുണം ആവശ്യമാണ്?
**ഉത്തരം** - നിരഹങ്കാരതയുടെ ഗുണം. മഹാവീരനെ(ഹനുമാൻ)ക്കുറിച്ചും കാണിച്ചിട്ടുണ്ട് എവിടെ സത്സംഗമുണ്ടോ, അവിടെ പോയി ചെരിപ്പിന് മേൽ ഇരിക്കുമായിരുന്നു എന്തുകൊണ്ടെന്നാൽ ഹനുമാന് ദേഹാഭിമാനമുണ്ടായിരുന്നില്ല, പക്ഷെ ഇതിന് ധൈര്യം വേണം. നിങ്ങൾക്ക് എങ്ങനെയുള്ള വസ്ത്രം ധരിച്ചും ആ സത്സംഗങ്ങളിൽ പോയിരുന്ന് കേൾക്കാൻ കഴിയും. ഗുപ്ത വേഷത്തിൽ പോയി അവരുടെ സേവനം ചെയ്യണം.

**ഗീതം** - ഓം നമ: ശിവായ......

ഓം ശാന്തി. ഇത് ഉയർന്നതിലും ഉയർന്ന ഭഗവാന്റെ മഹിമയാണ്. ഈശ്വരനെന്ന് പറഞ്ഞാലും, പരംപിതാ പരമാത്മാവെന്ന് പറഞ്ഞാലും, കേവലം ഈശ്വരൻ അഥവാ ഭഗവാൻ എന്ന് പറയുന്നതിലൂടെ പിതാവാണെന്ന് മനസ്സിലാക്കാൻ പറ്റില്ല, അതിനാൽ പരംപിതാ പരമാത്മാവെന്ന് പറയണം. പമാത്മാവ് ഈ മനുഷ്യ സൃഷ്ടിയുടെ രചയിതാവാണ്. ഇപ്പോൾ ഉയർന്നതിലും ഉയർന്ന ബാബ വന്ന് എന്താണ് പറയുന്നത്? പറയുന്നു വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ എന്ന് പതിത മനുഷ്യരെന്നെ വിളിക്കുകയാണ്. പാവനം അർത്ഥം പവിത്രത. പതിത പാവനനെന്ന് ഭഗവാനെ തന്നെയാണ് പറയുന്നത്. തീർച്ചയായും ആ ഭഗവാൻ വരുന്നു. ഭക്തിമാർഗ്ഗത്തിൽ ഭഗവാനെ ഓർമ്മിക്കുമ്പോൾ തീർച്ചയായും ഭഗവാൻ വരുന്നുമുണ്ട്. പക്ഷെ ഭഗവാൻ വരും അപ്പോൾ എല്ലാ ഭക്തർക്കും ഭക്തിയുടെ ഫലം നൽകുകയും ചെയ്യും. ഫലം നൽകുക അർത്ഥം സമ്പത്ത് നൽകുക, ഭഗവാന് വളരെ സഹജമാണ്. ഒരു സെക്കന്റിൽ ജീവൻമുക്തി നൽകാൻ സാധിക്കുന്നു. പറയുന്നുമുണ്ട് ജനകന് സെക്കന്റിൽ ജീവൻ മുക്തി ലഭിച്ചുവെന്ന്. പേര് ഒന്നിന്റെ തന്നെയാണ് പാടപ്പെടുന്നത്. സെക്കന്റിൽ ജീവൻമുക്തി അർത്ഥം സുഖശാന്തി ലഭിച്ചു. മനുഷ്യർ പറയുന്നുമുണ്ട് ശാന്തി, സുഖവും വലിയ ആയുസ്സും വേണം. ചെറുപ്പത്തിൽ തന്നെ ആരെങ്കിലും മരിച്ചാൽ പറയുന്നു അകാല മൃത്യു വന്നു, ആയുസ്സ് പൂർത്തിയായിട്ടില്ലെന്ന്. ഇപ്പോൾ ബാബ എന്തെല്ലാം ചെയ്തു പോയോ, അതിന്റെ തന്നെയാണ് മഹിമ. സെക്കന്റിൽ ജീവൻ മുക്തി, അപ്പോൾ തീർച്ചയായും ആദ്യം ജീവൻ ബന്ധനത്തിലായിരിക്കും. ജീവൻബന്ധനമെന്ന് കലിയുഗത്തിന്റെ അവസാനവും ജീവൻമുക്തമെന്ന് സത്യയുഗത്തിന്റെ ആദിയേയും പറയുന്നു. പറയുന്നു ജനകനെ പോലെ ഗൃഹസ്ഥത്തിലിരുന്നും ജീവൻ മുക്തി നേടണം.

ബാബ മനസ്സിലാക്കി തരികയാണ് വാക്ക് തന്നെ രണ്ടാണ് - രാജയോഗവും ജ്ഞാനവും. ഭാരതത്തിന്റെ പ്രാചീന രാജയോഗം പ്രസിദ്ധമാണ്. പ്രാചീനം അർത്ഥം ആദ്യമാദ്യം, എന്നാൽ എപ്പോൾ? ഇത് മനുഷ്യർക്ക് അറിയുകയില്ല എന്തുകൊണ്ടെന്നാൽ കല്പത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷമെന്നാണ് പറയുന്നത്. ഭാരതത്തിന്റെ പ്രാചീന ജ്ഞാനവും യോഗവും എല്ലാവരും ആഗ്രഹിക്കുന്നുണ്ട് അതിലൂടെ ഭാരതം സ്വർഗ്ഗമായി മാറുന്നു. ഇപ്പോഴാണെങ്കിൽ ഭാരതം വളരെ ദു:ഖിയാണ്, ആദ്യം സൂര്യവംശീ രാജ്യമായിരുന്നു. ഇപ്പോഴല്ല, വീണ്ടും അതിനെ ഓർമ്മിക്കുന്നു ആ രാജയോഗവും ജ്ഞാനവും ആരാണ് നൽകിയിരുന്നത്! ഇതറിയുകയില്ല. ഇല്ലായെങ്കിൽ ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നതിന് കുട്ടികൾക്ക് ഇത്രയും ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല. ബാബയുടെതായി മാറിയെങ്കിൽ സമ്പത്തിന് യോഗ്യരുമായി. പിന്നീട് മാതാ-പിതാ, ടീച്ചറുടെ ശിക്ഷണം പ്രാപ്തമാകുന്നു. മുക്തിയുടെയും സമ്പത്ത് വേണം, അതിനാൽ ഗുരുവിനെ സ്വീക രിക്കുന്നു. പക്ഷെ ജീവൻ മുക്തിയാണെങ്കിൽ ഒരിക്കലും ആർക്കും നൽകാൻ സാധിക്കില്ല. എപ്പോൾ ജീവൻ ബന്ധനത്തിന്റെ അവസാനമാകുന്നുവോ, ജീവൻമുക്തിയുടെ തുടക്കമാകുന്നോ അപ്പോഴാണ് വീണ്ടും ജീവൻ മുക്തി നൽകുന്നയാൾ വരിക. മനുഷ്യർ കേവലം കേൾക്കുന്നു സെക്കന്റിൽ ജീവൻ മുക്തി അഥവാ സെക്കന്റിൽ രാവണ രാജ്യത്തിൽ നിന്ന് രാമരാജ്യം, പതിതത്തിൽ നിന്ന് പാവനം. പക്ഷെ എങ്ങനെ; അതറിയുന്നില്ല. ബാബ നിങ്ങൾ ആത്മാക്കളോടാണ് സംസാരിക്കുന്നത്. ഇതാണ് സുപ്രീം ആത്മാവ് നൽകുന്ന ആത്മീയ പഠിപ്പ്. അവിടെയാണെങ്കിൽ എല്ലാം മനുഷ്യർ തന്നെയാണ് ശാസ്ത്രം മുതലായവ പഠിക്കുന്നത്. പറയുന്നു ഇന്ന മഹാത്മാവ് ഈ ജ്ഞാനം നൽകി. ഇത് 5000 വർഷങ്ങൾക്ക് മുമ്പ് പരംപിതാ പരമാത്മാവ് നൽകിയിരുന്ന പ്രാചീന രാജയോഗവും ജ്ഞാനവുമാണ് , അതിലൂടെയാണ് നിങ്ങൾ ദേവീ

ദേവതയായി മാറിയിരുന്നത്. ഇപ്പോൾ പ്രായലോപമായിരിക്കുകയാണ്. അഥവാ ലോപമായിട്ടില്ലെങ്കിൽ എങ്ങനെ കേൾപ്പിക്കും? മനുഷ്യർ പതിതമായില്ലെങ്കിൽ പതിത പാവനൻ എങ്ങനെ വരും? പതിതമാകുന്നതിൽ 84 ജന്മമെടുക്കേണ്ടി വരുന്നു. ഇതിന്റെയും മുഴുവൻ വിസ്താരം ബാബ മനസ്സിലാക്കി തരുന്നു. വർണ്ണവും മനസ്സിലാക്കി തരുന്നു. ബ്രഹ്മാവ് വേണമെങ്കിൽ ബ്രഹ്മാവിന്റെ അച്ഛനും വേണം. ബ്രഹ്മാവ്, വിഷ്ണു, ശങ്കർ ഈ മൂന്ന് പേരുടെയും അച്ഛനാണ് ശിവൻ. ഇപ്പോൾ ബ്രഹ്മാവിലൂടെയിരുന്ന് പ്രാചീന ജ്ഞാനം നൽകുകയാണ് അതിലൂടെ വിഷ്ണുപുരിയുടെ അധികാരിയായി മാറും, ബ്രാഹ്മണനിൽ നിന്ന് ദേവതയായി മാറുകയും ചെയ്യുന്നു. ബ്രാഹ്മണ ധർമ്മത്തിലുള്ള മനുഷ്യനിൽ നിന്ന് നിങ്ങൾ ദേവീ ദേവതാ ധർമ്മത്തിലുള്ളവരായി മാറികൊണ്ടിരിക്കുകയാണ്. അതിനാൽ ആദ്യം പ്രജാപിതാ ബ്രഹ്മാവ് വേണം. കൃഷ്ണനെ പ്രജാപിതാ ബ്രഹ്മാവെന്ന് പറയാൻ കഴിയില്ല. ഇതാണെങ്കിൽ എല്ലാം തല കീഴാക്കിയിരിക്കുകയാണ്. കൃഷ്ണന് ഇത്രയും റാണിമാരും, കുട്ടികളും ഉണ്ടായിരുന്നു, ഇത് തെറ്റാണ്. വാസ്തവത്തിൽ കുട്ടികൾ ബ്രഹ്മാവിന്റെയാണ്, കൃഷ്ണന്റെയല്ല. ബ്രഹ്മാവ് തന്നെയാണ് കൃഷ്ണനായി മാറുന്നത്. ഇത്രമാത്രം ഈ ഒരു ജന്മം കൊണ്ട് തലങ്ങും വിലങ്ങുമായതാണ് മനുഷ്യർക്ക് ആശയ കുഴപ്പമുണ്ടാക്കിയത്. ഗീതയുടെ ഭഗവാൻ കൃഷ്ണനാണെന്ന് പറഞ്ഞ് ശിവനെ മാറ്റിയിരിക്കുന്നു. എല്ലാവരും പറയുന്നു ബ്രഹ്മാവിന് 3 മുഖമായിരുന്നു, എത്ര ആശയകുഴപ്പമാണ്. രചയിതാവായ ശിവനെ ഒറ്റയടിക്ക് അപ്രത്യക്ഷമാക്കിയിരിക്കുന്നു. രചയിതാവ് തന്നെയാണ് വന്ന് പറഞ്ഞു തരുന്നത് നമ്മൾ എങ്ങനെയാണ് ദേവീ ദേവതാ ധർമ്മത്തിന്റെ രചന ചെയ്യുന്നത്. പരമാത്മാവ് സൃഷ്ടി എങ്ങനെ രചിക്കുന്നു എന്നൊന്നും ചോദിക്കരുത്. പരംപിതാ പരമാത്മാവിനെ തന്നെയാണ് വിളിക്കുന്നത് അല്ലയോ പതിത പാവനാ വന്ന് ഞങ്ങളെ പതിതത്തിൽ നിന്ന് പാവനമാക്കി മാറ്റൂ. ഈ സമയം രാവണ രാജ്യമാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് ലോകത്തിലുള്ളവർക്ക് അറിയുകയില്ല. രാവണന്റെ വലിയ-വലിയ കഥകളിരുന്ന് കേൾപ്പിക്കുന്നു. ഇതിനെയാണ് പറയുന്നത് ഭക്തിയുടെ രസകരമായ കാര്യങ്ങൾ, ഇത് ആത്മീയ കാര്യങ്ങളാണ്. ഈ സമയം എല്ലാ സീതമാരും അഥവാ ഭക്തകളും രാവണന്റെ തടവറയിലാണ്, രാവണ രാജ്യത്തിൽ വളരെ ദു:ഖിതരാണ്. ഇപ്പോൾ എല്ലാവരെയും രാവണ രാജ്യത്തിൽ നിന്ന് മുക്തമാക്കണം. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് പറയുന്നു കുട്ടികളെ, ഇപ്പോൾ നിങ്ങളുടെ 84 ജന്മങ്ങൾ പൂർത്തിയായിരിക്കുന്നു. ഇപ്പോൾ തിരിച്ച് പോകണം. എന്നെ തന്നെയാണ് വിളിച്ചിട്ടുണ്ടായിരുന്നത് ദു:ഖഹർത്താ സുഖകർത്താ വരൂ എന്ന്. ഇത് എന്റെ മാത്രം പേരാണ്. കലിയുഗത്തിൽ അപാര ദു:ഖമാണ്. സത്യയുഗത്തിൽ അപാര സുഖവും. വീണ്ടും നിങ്ങൾക്ക് സുഖത്തിന്റെ സമ്പത്ത് നൽകാൻ അർത്ഥം വീണ്ടും രാജയോഗവും ജ്ഞാനവും പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഈ പഴയ ലോകം വിനാശമാകും. മനുഷ്യരാണെങ്കിൽ വിനാശത്തെ വളരെയധികം ഭയക്കുന്നു. മനസ്സിലാക്കുന്നു ഇവർ പരസ്പരം യുദ്ധം ചെയ്തിട്ടില്ലെങ്കിൽ ശാന്തിയുണ്ടാകും. പിന്നെ ഇത്രയും അനേകം ധർമ്മങ്ങളിൽ എങ്ങനെ ശാന്തിയുണ്ടാകും? ബാബ മനസ്സിലാക്കി തരുന്നു ഏതെല്ലാം ധർമ്മങ്ങളാണോ ഇപ്പോൾ ഉള്ളത് – അത് ആദ്യമുണ്ടായിരുന്നില്ല, ഒരേയൊരു ധർമ്മം മാത്രമുള്ളപ്പോൾ സുഖ-ശാന്തിയുടെ രാജ്യമായിരുന്നു. ഇപ്പോൾ എല്ലാവരും യാചിക്കുകയാണ് മനസ്സിനെങ്ങനെ ശാന്തി ലഭിക്കും! മനസ്സ് എന്ത് വസ്തുവാണ് – ആദ്യം ഇതെങ്കിലും മനസ്സിലാക്കൂ. ആത്മാവിൽ തന്നെയാണ് മനസ്സും ബുദ്ധിയും. മനുഷ്യന്റെ നാവ് സംസാരിക്കുന്നു. കണ്ണ് കാണുന്നു. എല്ലാം ചേർന്ന് പറയുന്നു, മനുഷ്യർ ദു:ഖിതരാണ്. ആർക്ക് വേണമെങ്കിലും മനസ്സിലാക്കി കൊടുക്കുക വളരെ സഹജമാണ് ബാബയേയും സമ്പത്തിനെയും ഓർമ്മിക്കൂ. പിന്നീട് വൃക്ഷത്തിന്റെയും ഡ്രാമയുടെയും അറിവും നൽകേണ്ടി വരും, അതിന് വേണ്ടിയാണ് ഈ ചിത്രം ഉണ്ടാക്കിയിരിക്കുന്നത്. കേവലം മൻമനാ ഭവ എന്ന് പറയുന്നതിന് വേണ്ടി ഈ ചിത്രത്തിന്റെ ആവശ്യമില്ല. ചിത്രങ്ങളിലൂടെ മനസ്സിലാക്കി കൊടുക്കുന്നതിൽ സമയം കടന്നു പോകുന്നു. പ്രാചീന രാജയോഗം ഭഗവാൻ പഠിപ്പിച്ചു രാജ്യഭാഗ്യം ലഭിച്ചു. പിന്നീട് ഒരു മനുഷ്യനും രാജയോഗം പഠിപ്പിക്കുകയില്ല. ബാബയേയും സമ്പത്തിനെയും ഓർമ്മിക്കൂ എന്നത് ശരിയാണ്. പക്ഷെ എപ്പോൾ വരെ ഈ മുഴുവൻ കാര്യവും മനസ്സിലാക്കുന്നില്ലയോ അതുവരെ ബുദ്ധി തുറക്കുകയില്ല. സൃഷ്ടി ചക്രത്തെ മനസ്സിലാക്കാനും കഴിയുകയില്ല. ചിലർ നാടകം കണ്ട് വന്നു കഴിയുമ്പോൾ ബുദ്ധിയിൽ അത് ആദ്യം മുതൽ അവസാനം വരെ കറങ്ങികൊണ്ടിരിക്കുന്നു, പറയുമ്പോഴാണെങ്കിൽ കേവലം ഇത്രമാത്രമേ വരൂ, ഞങ്ങൾ നാടകം കണ്ട് വന്നു. നിങ്ങളും പറയുകയാണ് നമ്മൾ ഡ്രാമയെ അറിയുന്നു. പക്ഷെ വിശദമായിട്ട് ഒരുപാടുണ്ട്. ബാബയിൽ നിന്ന് സുഖ-ശാന്തിയുടെ സമ്പത്ത് ലഭിക്കുന്നു പിന്നെ ബുദ്ധിയിൽ ചക്രവുമുണ്ട്. തീർച്ചയായും 84 ന്റെ ചക്രം ഇടക്കിടക്ക് ഓർമ്മിക്കണം. ഈ ജ്ഞാനം ബ്രാഹ്മണർക്ക് മാത്രമാണ് ലഭിക്കുന്നത് അവരാണ് പിന്നീട് ദേവതയായി മാറുന്നത്. ബ്രഹ്മാവിൽ നിന്ന് വിഷ്ണു പിന്നീട് വിഷ്ണുവിൽ നിന്ന് ബ്രഹ്മാവ്. നിങ്ങൾ ദേവീ ദേവതകളായിരുന്നു, പുനർജന്മം എടുത്തെടുത്ത് പിന്നീട് ബ്രാഹ്മണരായി മാറും. പരിധിയുള്ള അച്ഛനാണെങ്കിൽ കേവലം ഉത്പത്തി, പാലന ചെയ്യുന്നു. വിനാശം ചെയ്യുന്നില്ല. വിനാശം അർത്ഥം മുഴുവൻ പതിത ലോകവും ഉണ്ടായിരിക്കുകയില്ല. മുഴുവൻ രാവണരാജ്യത്തിന്റെയും വിനാശമുണ്ടാകണം.

ഇല്ലായെങ്കിൽ എങ്ങനെ രാമരാജ്യമുണ്ടാകും! അവിടെ ഒരിക്കലും രാവണനെ കത്തിക്കുകയില്ല. ഭക്തിമാർഗ്ഗത്തിലെ ഒരു കാര്യവും ജ്ഞാനമാർഗ്ഗത്തിൽ ഉണ്ടായിരിക്കുകയില്ല. നിങ്ങൾ സത്യ ത്രേതായുഗത്തിൽ പ്രാലബ്ധം അനുഭവിക്കുകയാണ്. അതാണ് ജ്ഞാനത്തിന്റെ പ്രാലബ്ധം, ഇതിനെ ഭക്തിയുടെ പ്രാലബ്ധമെന്ന് പറയും. അല്പകാല ക്ഷണഭംഗുര സുഖം ആദ്യം അവ്യഭിചാരീ ഭക്തിയായിരുന്നു പിന്നീട് വ്യഭിചാരിയായി ആയി തികച്ചും ദു:ഖിയായി മാറിയിരിക്കുന്നു. സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്, ഇതാണെങ്കിൽ മനസ്സിലാക്കി കൊടുക്കണം ബാബയേയും സമ്പത്തിനെയും ഓർമ്മിക്കൂ. ഓർമ്മിച്ചു സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി ലഭിച്ചു പിന്നീട് എങ്ങനെ നരകത്തിൽ വന്നു, ഈ എല്ലാ കാര്യവുമിരുന്ന് മനസ്സിലാക്കി കൊടുക്കണം. ഇപ്പോൾ നിങ്ങൾക്ക് മുഴുവൻ സൃഷ്ടി ചക്രത്തിന്റെ ആദി മധ്യ അന്ത്യത്തിന്റെ അറിവുണ്ട്. അതിനാൽ ഈ സമയം നിങ്ങൾ ത്രികാല ദർശിയായി മാറികൊണ്ടിരിക്കുകയാണ്. അതിനെ നിങ്ങൾ പറയും ദേവതകൾ പോലും ത്രികാല ദർശികളായിരുന്നില്ല. അതിനാൽ പറയും അപ്പോൾ ആരായിരുന്നു? എന്തുകൊണ്ടെന്നാൽ സംഗമയുഗീ ബ്രാഹ്മണരെയാണെങ്കിൽ ആരും അറിയുക പോലുമില്ല. കാണിച്ചിട്ടുണ്ട് എവിടെ സത്സംഗമുണ്ടാകുമ്പോഴും ഹനുമാൻ പോയി ചെരുപ്പിൽ ഇരിക്കുമായിരുന്നു. ഇപ്പോൾ ഈ കാര്യം എന്തുകൊണ്ട് മഹാവീരനെക്കുറിച്ച് പറയുന്നു? എന്തുകൊണ്ടെന്നാൽ നിങ്ങൾ കുട്ടികളിൽ ഒരു ദേഹാഭിമാനവുമില്ല. മനസ്സിലാക്കൂ സത്സംഗത്തിൽ ആരെങ്കിലും ഇങ്ങനെയുള്ള കാര്യം പറയുകയാണെങ്കിൽ നിങ്ങൾക്ക് പറയാൻ കഴിയണം പ്രാചീന രാജയോഗത്തിലൂടെയും ജ്ഞാനത്തിലൂടെയും സെക്കന്റിൽ ജീവൻ മുക്തി നേടണമെങ്കിൽ ഇന്നയാളുടെയടുത്തേക്ക് പോകൂ. മനസ്സിലാക്കി കൊടുക്കുന്നവരാണെങ്കിൽ വളരെ ധൈര്യശാലിയും നിരഹങ്കാരിയുമായിരിക്കണം. അല്പം പോലും ദേഹാഭിമാനമുണ്ടാവരുത്. എവിടെ വേണമെങ്കിലും പോയി ഇരിക്കാം, സമയം ലഭിക്കുമ്പോൾ സംസാരിക്കണം. ശക്തിശാലിയാണെങ്കിൽ പ്രഭാഷണം മുതലായവ ചെയ്യും,അതായത് ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും എങ്ങനെ സെക്കന്റിൽ ജീവൻ മുക്തി പ്രാപ്തമാക്കാമെന്ന്. പരംപിതാ പരമാത്മാവിനല്ലാതെ വേറെയാർക്കും നൽകാൻ സാധിക്കില്ല, ഇത് മഹാവീരന് മാത്രമേ മനസ്സിലാക്കി കൊടുക്കാൻ സാധിക്കൂ. കേൾക്കുന്നതിന് വിരോധമില്ല, നിങ്ങൾ കുട്ടികൾക്ക് ഗൃഹസ്ഥത്തിലിരുന്നും വളരെയധികം സേവനം ചെയ്യാൻ സാധിക്കും. പറയൂ, രാജയോഗം പഠിക്കണമെങ്കിൽ ബ്രഹ്മാകുമാരീസിൽ പോകൂ. മുന്നോട്ട് പോകവേ നിങ്ങളുടെ പേര് പ്രസിദ്ധമാകും, ഭൂരി പക്ഷമുണ്ടാകും. ഇപ്പോൾ വളരെ കുറവാണ്. ഓടിക്കുന്നവരുടെ പേരും ഒരുപാടുണ്ട്. കൃഷ്ണൻ ഓടിച്ചു, ഓടിക്കുന്നതിന്റെയൊന്നും ഒരു കാര്യവുമില്ല. ടീച്ചർ എപ്പോഴെങ്കിലും പഠിപ്പിക്കുന്നതിന് വേണ്ടി ഓടിപ്പിക്കുന്നുണ്ടോ! സേവനം ചെയ്യുന്നവർക്ക് വളരെയധികം വിചാര സാഗര മഥനം ചെയ്യുകയും വളരെ ധൈര്യശാലിയുമായി മാറണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. എല്ലാ ഭക്തകളാകുന്ന സീതമാരെയും രാവണന്റെ തടവറയിൽ നിന്ന് മോചിപ്പിക്കണം. സെക്കന്റിൽ മുക്തി ജീവൻ മുക്തിയുടെ വഴി കാണിച്ചു കൊടുക്കണം.

2. ബാബയേയും സമ്പത്തിനെയും ഓർമ്മിക്കണം. ദേഹാഭിമാനം ഉപേക്ഷിച്ച് മഹാവീരനായി മാറി സേവനം ചെയ്യണം. വിചാര സാഗര മഥനം ചെയ്ത് സേവനത്തിന്റെ പുതിയ പുതിയ യുക്തികൾ രചിക്കണം.

## വരദാനം:-ഒന്നും പുതിയതല്ല എന്ന യുക്തിയിലൂടെ ഓരോ പരിതസ്ഥിതിയിലും ആനന്ദത്തിന്റെ അനുഭവം ചെയ്യുന്ന സദാ അചഞ്ചലരും ദൃഢതയുള്ളവരുമായി ഭവിക്കട്ടെ.

ബ്രാഹ്മണർ അർത്ഥം സദാ ആനന്ദത്തിന്റെ സ്ഥിതിയിലിരിക്കുന്നവർ. മനസ്സിൽ സദാ സ്വാഭാവികമായി ഈ ഗീതം മുഴങ്ങിക്കൊണ്ടിരിക്കണം-ആഹാ ബാബാ, ആഹാ എന്റെ ഭാഗ്യം! ലോകത്തിലെ ഏത് തന്നെ ചഞ്ചലമായ പരിതസ്ഥിതിയിലും ആശ്ചര്യമില്ല, മറിച്ച് ഫുൾസ്റ്റോപ്പ്. എന്ത് തന്നെ സംഭവിച്ചാലും- പക്ഷെ താങ്കളെ സംബന്ധിച്ചേടത്തോളം നത്തിംഗ് ന്യൂ, ഒരു പുതിയ കാര്യമേയല്ല. ഉള്ളുകൊണ്ട് ഇത്രയും അചഞ്ചല സ്ഥിതിയായിരിക്കണം- എന്ത്, എന്തുകൊണ്ട് എന്നതിൽ മനസ്സ് ആശയക്കുഴപ്പത്തിൽ വരരുത്, അപ്പോൾ

പറയാം അചഞ്ചലവും ദൃഢതയുമുള്ള ആത്മാക്കൾ.

**സ്ലോഗൻ:- ആന്തരീക ഭാവനയിൽ ശുഭഭാവനയുണ്ട്, ശുഭകാമനയുണ്ട് എങ്കിൽ ശുഭ വൈബ്രേഷൻ വ്യാപിച്ചുകൊണ്ടിരിക്കും.**

## അമൂല്യജ്ഞാനരത്നങ്ങൾ(ദാദിമാരുടെ പഴയ ഡയറികളിൽ നിന്ന്)

1. ഇപ്പോൾ നിങ്ങൾക്ക് ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. ധൈര്യമെന്ന ഗുണത്തിന്റെ ധാരണയും നിശ്ചയത്തിലൂടെയാണ് ഉണ്ടാകുന്നത്, സാക്ഷീ അവസ്ഥയിൽ തന്നെയാണ് സന്തോഷം ഉണ്ടാവുക. ഈ ധാരണയിലൂടെത്തന്നെയാണ് പരമാത്മാവ് സ്വയം ആയിരം ചുവടുകൾ മുന്നിൽ വെക്കുമെന്ന് ഖ്യാതിയുള്ളത്. ബാബ പറയുന്നു, നിങ്ങൾ സൂക്ഷ്മത്തിൽ രണ്ട് ചുവടുകൾ അടുത്ത് വരൂ എങ്കിൽ ഞാൻ സ്ഥൂലത്തിൽ അനേകം ചുവടുകൾ വെച്ച് അരികിൽ വരും. ജ്ഞാനം എന്നത് തന്നെ സ്വലക്ഷ്യത്തിൽ സ്ഥിതി ചെയ്യലാണ്. സ്വയത്തിൽ സ്ഥിതി ചെയ്യുന്നതിലൂടെത്തന്നെയാണ് പരമാത്മാവ് സ്വയം മുന്നിൽ വരിക. ബാബയുടെ ഈ മഹാവാക്യം ഓർമ്മയിൽ വെക്കൂ, എത്രയും ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുന്നുവോ അത്രയും മറ്റുള്ളവർക്ക് സുഖം നൽകാൻ നിമിത്തമാകും. ഇന്ന് കൊടുത്താൽ നാളെ ലഭിക്കും. ഇന്ന് സർവെന്റാകാമെങ്കിൽ നാളെ അധികാരിയായി രാജ്യം ഭരിക്കും. ഇപ്പോഴാണെങ്കിൽ വിശ്വസേവാധാരിയാണല്ലോ.

2. ഓരോരുത്തരും  സ്വസ്വരൂപത്തിൽ സ്ഥിതി ചെയ്ത് തങ്ങളുടെ ശരീരത്തെ നടത്തിക്കൊണ്ടുപോകൂ. ഞാൻ ഈ ശരീരത്തെ ഇരുത്തുന്നു, ഞാൻ കഴിപ്പിക്കുന്നു, ഞാൻ ഉറക്കുന്നു എന്നത് പോലെ. ഞാൻ വായയെക്കൊണ്ട് സംസാരിപ്പിക്കുന്നു. അഥവാ ഞാൻ വായ കൊണ്ട് ആർക്കെങ്കിലും ദു:ഖം കൊടുക്കുകയാണെങ്കിൽ അത് എന്റെ തന്നെ സ്വസ്വരൂപത്തെ നിന്ദിക്കുകയാണ്. അപ്പോൾ പിന്നെ സ്വ സമ്പൂർണ്ണ ആത്മാവ് പറയും -ഹേ ജീവാത്മാവേ നിനക്ക് ദു:ഖമുണ്ടാകും. അങ്ങിനെയുള്ള മനുഷ്യരിലോ ജീവികളിലോ ശുദ്ധാത്മാവായ ഞാൻ പ്രവേശിക്കുകയില്ല. സ്വശുദ്ധാത്മാവ് എവിടെയുണ്ടോ ആ സ്ഥലത്ത് ദു:ഖമുണ്ടാകില്ല, എന്തുകൊണ്ടെന്നാൽ അവർക്ക് ഒരിക്കലും ആർക്കും ദു:ഖം കൊടുക്കാൻ സാധിക്കില്ല. സ്വ ശുദ്ധാത്മാവ് സുഖസ്വരൂപമാണ്. മാത്രമല്ല അങ്ങിനെയുള്ള സ്വ നിശ്ചയബുദ്ധി സദാ സുഖം കൊടുക്കുന്നു. അത് സാക്ഷാൽ എന്റെ സ്വരൂപമാണ്, മാത്രമല്ല സ്വയത്തെ സ്വ ആത്മാവെന്ന് നിശ്ചയം ചെയ്തുകൊണ്ടും അന്യാത്മാക്കൾക്ക് ദു:ഖം കൊടുക്കുകയാണെങ്കിൽ അവർ കേവലം പറയുക മാത്രം ചെയ്യുന്ന പണ്ഡിതനാണ്. അവർക്ക് മറ്റുള്ളവരുടെ മേൽ പ്രഭാവം ചെലുത്താൻ സാധിക്കുകയില്ല. ഓം ശാന്തി.